# സ്റ്റുഡന്റ് ലീഡേർഴ്സ് കോൺക്ലേവ്

കേരള സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ 2004 ജൂലൈ 22 മുതൽ പ്രവർത്തിച്ചുവരുന്ന സ്വയംഭരണ സ്ഥാപനമാണ് പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്. രാഷ്ട്ര പുനർനിർമ്മാണത്തിന്റെ ഭാഗമായി ജനാധിപത്യമൂല്യങ്ങളോട് കൂറു പുലർത്തുന്ന യുവതലമുറയെ വാർത്തെടുക്കുക എന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യം. ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ പാർലമെന്ററി സംവിധാനത്തെക്കുറിച്ചും ഭരണഘടനാ മൂല്യങ്ങളും മതേതരത്വവും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും പൊതുസമൂഹത്തിനിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ കോളേജുകൾ, സർവകലാശാലകൾ എന്നിവയിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി യൂണിയൻ പ്രതിനിധികൾക്ക് ജനാധിപത്യം, പാർലമെന്ററി സംവിധാനം, സാമൂഹിക നീതി, പൗരബോധം, മനുഷ്യാവകാശം, മതേതരത്വം തുടങ്ങിയ വ്യത്യസ്ത വിഷയങ്ങളെ അധികരിച്ച് 2026 ഒക്ടോബർ 8, 9 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ ശങ്കരനാരായണൻതമ്പി ഹാളിൽ വച്ച് 'സ്റ്റുഡന്റ് ലീഡേർഴ്സ് കോൺക്ലേവ്' സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന പരിപാടിയിൽ വിവിധ വകുപ്പ് മന്ത്രിമാർ, വിവിധ മേഖലകളിലെ വിഷയവിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കുന്നു.

പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിനായി സർവകലാശാല/കോളേജിലെ തെരഞ്ഞെടുക്കപ്പെട്ട യൂണിയനിലെ ഒരു വിദ്യാർത്ഥി പ്രതിനിധിയുടെ വിശദാംശങ്ങൾ (പേര്, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം) താഴെ കാണുന്ന ഇ-മെയിൽ വിലാസത്തിലും, ഗൂഗിൾ ഫോം ലിങ്കിലേയ്ക്കും 2026 ഒക്ടോബർ 1-ന് വൈകുന്നേരം 5 മണിക്ക് മുൻപായി ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാക്കണമെന്ന് താൽപ്പര്യപ്പെടുന്നു. പങ്കെടുക്കുന്ന വിദ്യാർത്ഥി പ്രതിനിധികൾക്ക് താമസം, ഭക്ഷണം, നിശ്ചയിച്ചിട്ടുള്ള യാത്രാബത്ത എന്നിവ ഉണ്ടായിരിക്കുന്നതാണ്.

- വിശദാംശങ്ങൾ അയക്കേണ്ട ഇ-മെയിൽ വിലാസം : slcinpa2026@gmail.com
- ഗൂഗിൾ ഫോം ലിങ്ക് : https://forms.gle/KdduBoWDHRaNPBvAA
- ഫോൺ നമ്പർ : **8304868412, 8907418831**